പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3456 29.01.2014 - ൽ മറുപടിക്ക്

## കുട്ടനാട് പഞ്ചായത്തിലെ 'സ്നേഹപൂർവ്വം പദ്ധതി'

ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാർത്ഥികൾക്ക്, എത്ര രൂപ വീതം പ്രതിമാസ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ ; | (എ) | സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിനു വേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. കുട്ടനാട് നിയോജക മണ്ഡലം ഉൾപ്പെട്ട ആലപ്പുഴ ജില്ലയിൽ നിന്നും സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിനുവേണ്ടി 4260 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 635 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം അർഹതയില്ലാത്ത 915 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ധന സഹായം അനുവദിക്കാൻ ബാക്കിയുള്ള 2710 പേർക്ക് ധന സഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | 'സ്നേഹപൂർവ്വം' പദ്ധതി യിൽ ഉൾപ്പെടുത്തുന്നതിന് എം.എൽ.എ. മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) | എം.എൽ.എ. മുഖാന്തരം ലഭിക്കുന്ന അപേക്ഷയിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ